LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ

191 (203) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മരണപ്പെട്ട കോവിഡ് രോഗികളുടെ സ്രവം പരിശോധിക്കുന്നതിന് നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ മാത്രമേ സൗകര്യമുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മരണപ്പെട്ട കോവിഡ് രോഗികളുടെ സ്രവം തിരൂർ ജില്ലാ ആശുപത്രിയിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കോവിഡ് സ്ഥിരീകരിച്ച രോഗികൾ മരണപ്പെട്ടാൽ കോവിഡ് പുനഃപരിശോധന ആവശ്യമില്ല. കോവിഡ് ലക്ഷണങ്ങൾ സംശയിക്കുന്ന (Covid Suspected case) രോഗികൾ മരണപ്പെടുമ്പോൾ സ്ഥിരീകരണത്തിനായി രണ്ട് പരിശോധനകളുണ്ട്.

1. ട്രൂനാറ്റ് പരിശോധന:- ഈ സൗകര്യം നിലമ്പൂർ ജില്ലാ ആശുപത്രി, തിരുരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രി, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലുണ്ട്. ഏതാനും മണിക്കൂറിനുള്ളിൽത്തന്നെ ഫലം അറിയാവുന്ന പരിശോധനയാണിത്.

2. RTPCR:- ഈ പരിശോധനയ്ക്കായി രണ്ടാമത്തെ സ്വാബ് മഞ്ചേരി മെഡിക്കൽ കോളേജിലും മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കുമാണ് ഇപ്പോൾ അയയ്ക്കുന്നത്. ഈ രണ്ട് പരിശോധനകളുടെയും ഫലത്തിനായി കാത്തിരിക്കാതെ മൃതദേഹം വിട്ടുകൊടുത്ത് കോവിഡ് പ്രോട്ടോക്കോൾ പ്രകാരം സംസ്കരിക്കാനാണ് നിലവിലെ മാർഗ്ഗനിർദ്ദേശം.

(സി) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഡോസുകൾ ജില്ലകൾക്ക് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വാക്സിന്റെ ലഭ്യത, ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ജില്ലകളിലെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ എന്നിവ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകൾക്ക് വിതരണം നടത്തുന്നത്.

(ഡി) ഓരോ ജില്ലയ്ക്കും ഇതുവരെ എത്ര ഡോസുകൾ വീതം നൽകിയെന്ന് അറിയിക്കുമോ?

31-5-2021 വരെ വിവിധ ജില്ലകൾക്ക് നൽകിയ കോവിഡ് വാക്സിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ഇ) മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(എഫ്) മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ 2021 ജനുവരി മാസത്തിൽ 53870-ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17%) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. ഇപ്പോൾ വാക്സിൻ കൂടുതൽ പേർ ഉപയോഗപ്പെടുത്തുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് വാക്സിൻ ലഭ്യമാക്കിവരികയും ചെയ്യുന്നുണ്ട്. ആവശ്യകത അനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

ബ്ലാക്ക് ഫംഗസ് രോഗബാധ

192 (204) <u>ശ്രീമതി കെ. കെ. രമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ ബ്ലാക്ക് ഫംഗസ് രോഗബാധ സ്ഥിരീകരിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

2-6-2021 വരെ 57 പേരിലാണ് ബ്ലാക്ക് ഫംഗസ് ബാധ സംസ്ഥാനത്ത് സ്ഥിരീകരിച്ചിട്ടുള്ളത്. അതിൽ 52 പേർ കോവിഡ് ബാധിച്ചവരും 5 പേർ കോവിഡ് രോഗം ബാധിക്കാത്തവരുമാണ്.

(ബി) ചില സംസ്ഥാനങ്ങളിൽ ഈ രോഗത്തെ ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം ബ്ലാക്ക് ഫംഗസ് രോഗത്തെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രോഗത്തെ തെലങ്കാന, ഒഡീഷ, കർണാടക, തമിഴ്നാട്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly